"ഭരണഭാഷ – മാതൃഭാഷ"

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, ഫോൺ -0487-2360810
website : www.ddethrissur.org
Email : ddetsr.dge@kerala.gov.in

നം. എച്ച്2 – 8190/19

തീയതി 21-11-19.

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ (വെസ്റ്റ്) / തൃശ്ശൂർ (ഈസ്റ്റ്.)

സർ,

വിഷയം: ബാല സൗഹൃദ ജില്ല – വെബ് പോർട്ടൽ - കുട്ടികളുടെ ഡാറ്റാ വിശകലനവും അവലോകനവും പരിപാടിയിൽ സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതു സംബന്ധിച്ച്

സൂചന: ജില്ലാ ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസറുടെ കത്ത്

തൃശ്ശൂർ ജില്ലയെ ബാല സൗഹൃദമാക്കുന്ന നടപടികൾക്ക് ആക്കം കൂട്ടുവാനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 'ബാല സൗഹൃദ ജില്ല' പദ്ധതിയുടെ ഉദ്ഘാടനം 2019 നവംബർ 23 ശനിയാഴ്ച കാലത്ത് 9.30 തൃശ്ശൂർ ടൗൺ ഹാളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എ.സി.മൊയ്തീൻ നിർവ്വഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ കുട്ടികളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുവാൻ സൂചന കത്ത് പ്രകാരം ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിനാൽ തൃശ്ശൂർ വെസ്റ്റ്, ഈസ്റ്റ് ഉപജില്ലകളിൽ നിന്നും 50 കുട്ടികളെ വീതവും ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ നിന്നും (8 മുതൽ 12 വരെയുള്ള) 200 കുട്ടികളെയും പങ്കെടുപ്പിക്കേണ്ടതാണ്. താങ്കളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ നിന്നും കുട്ടികളെ പ്രസ്തുത പരിപാടിയിൽ പങ്കെടുപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

[signature]

for വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

പകർപ്പ്:-

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിങ്ങാലക്കുട / ചാവക്കാട്
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

} വിദ്യാഭ്യാസ ഓഫീസർമാർ പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്

എസ്സി21/11

Scanned by CamScanner